



# Francis Vineeth Vadakethala CMI

## *Footprints of a Philosopher-Theologian Mystic*



# Father Francis Vineeth Vadakethala CMI

## *Milestones*

| | |
|---|---|
| **Person** | |
| 15-05-1935 | Earthly Entry |
| 15-10-1953 | Religious Profession (CMI) |
| 17.05.1960 | Priestly Ordination |
| 30.05.2021 | Heavenly Entry |
| **Academic Formation** | |
| 1965 | Licentiate and Ph.D. in Philosophy: Gregorian University, Rome |
| 1975 | Ph.D. in Theology: Oxford University, UK |
| 1978 | Research Studies at the University of Munich (Deutsche Akademische Austauschdienst) |
| **Mission** | |
| 1974-1975 | Fordham University, Bronx, New York, USA |
| 1965-1970 & 1976-1999 | Professor of Philosophy and Theology, Dharmaram Vidya Kshetram, Bengaluru, India |
| 1975-1980 | Editor-in-Chief, *Journal of Dharma* |
| 1979-1985 | Vice-President of Dharmaram Pontifical Institute, Bengaluru |
| 1985-1988 | Dean, Faculty of Philosophy, Dharmaram Vidya Kshetram, Bangalore |
| 1988-1991 | President, Dharmaram Vidya Kshetram, Bengaluru |
| 1992 | University of Tuebingen, Germany: Summer Semester |
| 1996 | Founded Vidyavanam Ashram, Bhoothanahalli Village, Bannerughatta, Bengaluru |

Design & Print: Viani Printings, Kochi-682018, Ph: 0484 2401635



# Francis Vineeth Vadakethala CMI

## *Footprints of a Philosopher-Theologian Mystic*

**CMI Preshitha Province**
Little Flower Mission Centre
Bharathiar University PO
Coimbatore 641046 Tamilnadu, India
2021

Francis Vineeth Vadakethala CMI

*Footprints of a Philosopher-Theologian Mystic*

*For Private Circulation only*

July 2021

CMI Preshitha Province
Little Flower Mission Centre
Bharathiar University PO
Coimbatore 641046 Tamilnadu, India



# CONTENTS


| | |
|---|---|
| Preface: Saju Chackalackal CMI, Provincial, Preshitha Province, Coimbatore | 9 |
| Francis Vineeth Vadakethala CMI: സമ്പൂർണ്ണ സമർപ്പണം | 11 |
| Francis Vineeth Vadakethala CMI: A Personal Profile | 12 |
| His Beatitude George Cardinal Alencherry | 14 |
| Fr. Thomas Chathamparampil CMI, Prior General | 15 |
| Mar Jacob Manathodath, Bishop of Palakkad: *During the Funeral Ceremonies…* | 16 |
| Archbishop Mar Antony Kariyil CMI, Majorarcheparchy of Ernakulam-Angamaly | 18 |
| Mar Raphael Thattil, Bishop of Shamshabad | 19 |
| Bishop Raja Rao SMM, Vijayawada | 19 |
| Saju Chackalackal CMI, Provincial: *Welcome to the Funeral Ceremonies* | 20 |
| Josey Thamarassery CMI, Vicar General: *Introduction before the Funeral Holy Mass* | 23 |
| Paul Thekkiniyath CMI, Councillor: കർമ്മലീത്താ യോഗീവര്യനായ വിനീതച്ചൻ... | 24 |
| Anto Vattakuzhy CMI: Funeral Homily | 25 |
| Acto Thomas Vadakethala, Father Vineeth's Nephew: Thanks-Giving… (Family) | 35 |
| Sheejo Attupuram CMI, Councillor, Preshitha-Coimbatore | 37 |
| Johnson Valiyakulathil CMI, Vicar Provincial: Gratitude… (Preshitha Province) | 38 |
| Saju Chackalackal CMI, Provincial, Preshitha Province: *Thanks Be to God: Adieu to Father Francis Vineeth Vadakethala CMI* | 41 |
| Paul Achandy CMI, Rector, Dharmaram College: *"All Generations Shall Call Me Blessed"* | 45 |






| | |
|---|---|
| Paul Pottackal CMI, Thrissur: മഹാനായ വിനീതച്ചൻ | 46 |
| Thomas Aykara CMI, Former Prior General, *An Accompanying Companion and a True Confrere* | 47 |
| Johnson Valiyakulathil CMI, Vicar Provincial: *A Man of Knowledge and Unique Wisdom* | 50 |
| Antony Ferror Vadakkumcherry CMI, Rajagiri, Kalamassery: എന്റെ പ്രിയ സതീർത്ഥ്യൻ | 51 |
| Cyriac Kanichai CMI, Carmel, Chalakudy: *Master and Mentor, Thinker and Tirthamkara* | 52 |
| Thomas Mampra CMI, CMI Novitiate, Punalur: *Gem of a Person* | 53 |
| Kees Waaijman OCarm, Nijmegen, Netherlands: *In Memory of Father Francis Vineeth CMI* | 54 |
| Davis Panakkal CMI, Provincial, Devamatha | 55 |
| Augustine Thottakara CMI, Kochi: My Reminiscences about Revered Francis Vineeth Vadakethala CMI | 56 |
| Anne Overzee, UK: *Connected at the Level of Heart* | 60 |
| Thomas Kochumuttom CMI, Rishikesh: *The Mystic Thinker Francis Vineeth* | 62 |
| George Edayadiyil CMI: *A Visionary Spiritual Guru with a Compassionate Heart* | 64 |
| Joy Elamkunnapuzha CMI, Artist: 'ചെറുമയുടെ' ആധ്യാത്മികഭാവം സ്വായത്തമാക്കിയ വിനീതാചാര്യൻ | 66 |
| Benny Thettayil CMI, Provincial, Bijnor: *Philosophy Made Poetry* | 67 |
| John Neelankavil CMI, Dharmaram, Bengaluru: പ്രചോദിപ്പിക്കുന്ന ഗുരു | 68 |
| Jose Nandhikkara CMI, Dharmaram, Bengaluru: *Father Francis Vineeth: A Call to Integration* | 69 |
| Sebastian Alackapally CMI, DVK, Bengaluru: *Salutations to My Noble Teacher Father Vineeth Vadakethala* | 71 |
| Francis Kanichikattil CMI: *A Man Who Felt the Soul of India* | 72 |
| Paul Poovathingal CMI: *Father Vineeth: An Ocean of Inspiration* | 73 |
| Jaison Kavalakkatt CMI, Germany: *Thank You for Your Great Trust in Me…* | 74 |
| Roy Palatty CMI, Shalom Media USA: *Growing from Within* | 75 |
| Francis Kurissery CMI, Thrissur: *Style Is the Man: A Reminiscence!* | 76 |




| | |
|---|---|
| Jobi Thomas Thurackal CMI, Dharmaram, Bengaluru: വിനീത സ്മൃതി! | 77 |
| Joy Kottackal, Bangalore: *"The Song Is Ended but the Melody Lingers on…"* | 78 |
| Antony Kalliath CMI, Carmel, Hosur: *Being Missional by Being Passionate!* | 79 |
| Augustine Keemattam CMI, Darsana, Wardha: *Remembering Father Francis Vineeth* | 80 |
| Wilson Chakkyath CMI, Dharmaram, Bengaluru: *Serenity, Simplicity, and Sincerity* | 81 |
| Anson Panengadan CMI: നിത്യതയുടെ അമരത്ത് ഭാരതീയതയുടെ ആചാര്യൻ | 82 |
| Francis Thaivalappil CMI, Pollachi: *Sober and Serene Lifestyle* | 84 |
| James Muttickal CMI, Bhopal: *Gurudaskhina* | 85 |
| Paul Thekanath CMI: *A Mystic-Genius* | 86 |
| Davis Varayilan CMI, Samanvaya, Bhopal: *An Indian Christian Progressive Theologian and Mystic* | 87 |
| Jossy Maria CMC, Dehradun: *An Integrated Sannyasi* | 88 |
| Prasant Palakkappillil CMI, Former Principal, SH College, Kochi: *Vineeth, but Assertive: A Guru Opening the World Beyond Your Horizon* | 90 |
| Anto Amarnad Chittilappilly CMI: *Gentle and Sincere Person* | 91 |
| Francis Thonippara, CMI, Dharmaram College, Bengaluru: *Courageous and Prophetic* | 92 |
| Paulson Veliyannoor CMF, Spain: *A Gentle and Kind Soul* | 93 |
| George Kulangara CMI, Rector, Darsana, Wardha: *A Philosopher Par Excellence!* | 94 |
| Shepherd Thelappilly CMI, Chavara Bhavan, Khairi, Narsinghpur: *Mentor and Master* | 95 |
| Navya Maria CMC, Provincial, Pavanatma Province, Kothamangalam: ഒരു താപസവര്യൻെറ പാദമുദ്രകൾ | 96 |
| Joy Kolengaden CMI, Mannuthy, Thrissur: വിമർശനാത്മകതയും വിശാലമനോഭാവവും | 97 |
| Babu Thattil CMI, Madurai: പുഴുവിനെ പൂമ്പാറ്റയാക്കിയ മാന്ത്രികൻ | 98 |
| Lintesh Antony Vellapady CMI, A Spiritual and Mystical Genius | 99 |






| | |
|---|---|
| Sebastian Elavathingal CMI, Bhopal: *A Life of Integration* | 100 |
| Joice Elavathingal CMI, Christ Academy, Bengaluru: *The Holy River Carrying a Smile on Others* | 101 |
| Murali Krishnan, Coimbatore: *Peace with Oneself and Harmony* | 102 |
| Stella Baltazar FMM, Provincial: *A Person of Spiritual Energy and Fulfilment* | 103 |
| Tomy Chirapurath CMI, Darsana, Wardha: *Vishwa Manav Father Francis Vineeth* | 104 |
| Karuna Vadakethala SJB: *My Great Brother* | 105 |
| Winson Moyalan CMI, Vettathur: *Eternal Presence in Our Midst* | 107 |
| Molly and Jose, Bhoothanahalli, Bengaluru: *Memories of Our Father Vineeth* | 108 |
| Lucius Nereparambil CMI, Thrissur: *A Friend of All* | 109 |
| Vineetha AC, Shoranur: *My Brother* | 111 |
| Sebastian Payyappilly CMI, IOCL, DVK, Bengaluru: *A Man Who Lived What He Preached* | 112 |
| Davis Thattil CMI, ASSO, Attappady: *Authentically Human* | 113 |
| Kurian Kachappilly CMI, President, DVK: *A Man of Authenticity* | 114 |
| Antony John, Lisieux MHS School, Coimbatore: Adieu Fr. Vineeth! | 116 |
| John Peter Muringathery CMI, Divyodaya, Coimbatore: *Towards Divine Awakening* | 117 |
| Julius Arackal CMI, Amala Hospital, Thrissur: വിനീതച്ചൻ... | 119 |
| Prathap Thuruthumalil CMI, Preshitharam, Mannuthy: ആരും അറിയാതെ പോകരുത്; മനസ്സിലാക്കാതെ പോകരുത് | 120 |
| Peter Tyler, UK: *'Thirthankara'* | 123 |
| Patrick CMC, Former Provincial Superior, Palakkad: *A Journey from Pleasing Acquaintance to Fond Recollection…* | 125 |
| Sebastian Athappilly CMI, Austria: *A Tribute and an Appreciation* | 126 |
| Thomas Thottungal CMI, USA: ഭാരത സംസ്കാരത്തിലൂന്നിയ ആത്മസാക്ഷാത്ക്കാരം | 128 |




| | |
|---|---|
| Francis Xavier Vellanikkaran CMI, Coimbatore: *An Elegy to the Acharya* | 129 |
| Jacob Peenikaparambil CMI, Indore: *Intelligence and Simplicity Walking Together* | 130 |
| Flavia FMM, Stella Maris, Chennai: *Creative Thinker, Prolific Writer, Humble Learner* | 132 |
| Jobi Thomas Thurackal CMI, Dharmaram, Bengaluru: *A Man of Wisdom with Passion* | 133 |
| Poly Payyappilly CMI, Coimbatore: തൊട്ടനുഭവിച്ചതും കേട്ടറിഞ്ഞതും | 135 |
| James Aerthayil CMI, Palampra: *Touched the Heart of Everyone* | 138 |
| Benny Nalkara CMI, Provincial, SH Province, Kochi: *An Unforgettable Good Friday Sermon* | 139 |
| Alex Thannippara CMI, Saint John's Monastery, Mutholy: *My Teacher, Friend and Guide* | 140 |
| Thomas Kadankavil CMI, Kottayam: *A Man Who Stood for Indian Way of Spirituality* | 142 |
| Pancratius MSC, Bengaluru: *A Reflective Thinker and Mystic* | 143 |
| Paulachan Kochappilly CMI, Dharmaram, Bengaluru:<br>*Joyful Harp of the Spirit: An Awakened and Integrated Consciousness of V. F. Vineeth* | 144 |
| Arun Antony Chully CMI: *Huge Impact on Generations* | 146 |
| Mariet CSSE, Sisters of Saint Elizabeth: *An Inspiring Animator* | 147 |
| Philips Pontheckan CMI: *A Man of Simplicity* | 147 |
| John Elavathingal CMI, Brazil: കാലഘട്ടത്തിന്റെ ഒരാവശ്യമായിരുന്നു വിനീതചമറ്റ | 148 |
| Joy Philip Kakkanattu CMI, Dharmaram, Bengaluru: *Impact: A Tribute to Father Francis Vineeth CMI* | 149 |
| Vimala CMC, Provincial, Udaya-Irinjalakuda: പ്രസാദാത്മകമായ ജീവിതം... നിലക്കാത്ത ധ്യാനം... | 150 |
| Joby Chakkalackal CMI, Germany: *Gentle and Humble in Heart* | 150 |
| Joseph Vithayathil CMI, Attappady: സഭാരോദനം (നതോന്നത/വഞ്ചിപ്പാട്ട് വൃത്തം) | 151 |
| Antony Puthenangady CMI, Vidyavanam Ashram, Bengaluru: *The Charismatic Founder of Vidyavanam* | 153 |
| Sunny Ukken CMI, Preshitharam, Mannuthy: വിനയ ഭാവത്തിന്റെ വിനീത ദാസൻ | 154 |






| | |
|---|---|
| Sanu Thettayil, Angamaly: ഒരിക്കലും മറക്കാനാവില്ല | 155 |
| Serene CMC, Tirupur: *My Guru Father Francis Vineeth* | 156 |
| Wilson Tharayil CMI, Christ, Irinjalakuda: വിനീതനായ്, വിനയാന്വിതനായി വിനീതച്ചൻ | 157 |
| Anto Thekkudan CMI, Kenya: *A Light to Lead Us in the Darkness* | 159 |
| Anjo Cheriakkara CMI, Santhome Home, Chennai: ദൈവഹിത സാധകൻ | 160 |
| Varghese Puthuparampil CMI, Vicar General, Eparchy of Chanda: മിസ്റ്റിക്കിന്റെ പിന്നാമ്പുറങ്ങളിൽ | 162 |
| Anto Vattakuzhy CMI, Dharmaram, Bengaluru: *A Life of Mystical Integration* | 163 |
| Joseph Vithayathil CMI, Attappady: കണ്ണിമവെട്ടാതെ സക്രാരിയിലേയ്ക്ക് | 165 |
| Jose Paul Edakkalathur CMI, Shoranur: *A Joyful Musing of a Guru and Acharya* | 166 |
| Anals Francis Alappatt CMI: എന്റെ ഓർമ്മകളിലെ വിനീതച്ചൻ... | 169 |
| Naiju Jose Kalambukattu CMI, Samanvaya, Bhopal: *Vineeth*ly in Mission | 170 |
| Emmanuel CSSE, Vandana Convent, Guna: *Memories of Fr. Francis Vineeth CMI* | 172 |
| Roby Kannanchira CMI, Chavara Cultural Centre, Delhi: സുകൃത സ്മരണ: ഇന്നും പ്രചോദിപ്പിക്കുന്ന വിനീതച്ചൻ | 176 |
| Joseph J. Palackal CMI, New York: *Bridging India and Christianity* | 178 |
| Bibin Thomas Chakkalackal: *We Lived in the Time of Father Vineeth* | 179 |
| Jithin Jose Kalan CMI, Kenya: പ്രകൃതിയുടെ പ്രണയിനി | 180 |
| Gerard A. Smith SMM, Former Student at DVK: *Holy and Enlightened Spiritual Teacher* | 182 |
| Jebin Jose Attokkaran CMI: *Forest, a Realization* | 183 |
| Emblem of the Congregation of Sisters of Saint Elizabeth (Guna Sisters) and the interpretation given by Father Vineeth | 184 |
| Selected Messages from the Online Streaming of the Funeral Service on YouTube | 186 |
| Obituary in *Deepika Daily* (31 May 2021) | 187 |
| Citation (2017), Dharmaram Vidya Kshetram, Bengaluru | 188 |



# PREFACE



Father Francis Vineeth Vadakethala CMI (1935-2021), whom I have closely known for about four decades, was for sure a *Sthithaprajña*, a person of equanimity stemming from his realized consciousness of the Divine, rooted and flourished in the person of Jesus Christ.

Being an erudite and innovative philosopher-theologian, with his academic grooming from Dharmaram College (Bengaluru), Pontifical Gregorian University (Rome), and Oxford University (UK), Father Francis Vineeth could explore new domains of integration in religious consciousness, consecrated life, contextualization and inculturation of his Catholic faith, with greater commitment and determination.

Having been involved in the grooming of hundreds of priests and consecrated religious for about six decades at Dharmaram College and elsewhere, Father Francis Vineeth is remembered by his students and colleagues for the great model of committed religious and priestly life that he offered in and through his personal life of witness and the clear and sound teachings that he had imparted in the classrooms and his manifold writings.

Vidyavanam Ashram, a realization of his cherished dream for an integrated Indian-Christian way of life, both as an institution and a movement, offered a new avenue for his self-expression: here, an academician was transformed into a *Sādhaka*, an innovative seeker of the Ineffable, but truly practical and very much down to earth. At the Ashram, he could accompany and animate many a seeker who approached him for establishing themselves in the Unfathomable, whom he had encountered and realized in Jesus Christ.

Father Francis Vineeth was a philosopher-theologian with an ever-growing interest to pursue research, which, in the course of time, gave way to an unceasing search; he was a teacher and mentor, who was ever

available for academic and spiritual grooming of his wards, or anyone who approached him for guidance and support. He was a prolific writer and a poet, who mastered the art of *fathoming* the Unfathomable; his unquenching thirst for the Divine formed his open perspectives and firm positions, which, in turn, took him to greater heights of religious realization. The way of life that Father Francis Vineeth charted for himself remains, at the same time, a challenge and a promise: for those who followed him closely, he remains a beacon of assured accomplishment of the goal of life; indeed, he offers all of us a great model to emulate!



Although Father Francis Vineeth has left his earthly sojourn on 30 June 2021, his person, insights and perspectives, inspirations and aspirations, shall continue to resound amidst us for the greater good of humanity. In an attempt to capture how his confreres, students, friends, and fellow-pilgrims perceived the impact of his life, an invitation was sent out and the response was indeed stupendous; it has resulted in this large collection of reminiscences from a cross-section of his associates. This collection, titled *Francis Vineeth Vadakethala CMI: Footprints of a Philosopher-Theologian Mystic*, brings to us the cherished memories of many, from a variety of perspectives. These pages, it is believed, will enable us to recapture and perpetuate the person and accomplishments of Father Francis Vineeth for posterity.

May Father Francis Vineeth, who had encountered and experienced the Ineffable Divine, continue to inspire and empower us in our unceasing search for “the revealed, yet hidden...!”

**Fr. Saju Chackalackal CMI**
Provincial, Preshitha Province, Coimbatore



# സമ്പൂർണ്ണ സമർപ്പണം





യാഗമായ് യജ്ഞമായ് നിൻ തിരുസൂനുവിൻ
പൂജയായ് അർപ്പിക്കാൻ ആശയുണ്ട്;
എന്നെന്നും സ്വീകാര്യമായൊരാ–യജ്ഞത്തിൻ
ഭാഗമായ് തീരുവാനാശയുണ്ട്.
ആയതിനായിതാ എൻ മനോമേനികൾ
ആമോദപൂർവ്വം അർപ്പിക്കുന്നേൻ.
ആദ്യവുമന്ത്യവുമെന്തെന്നറിയാതെ
നിൻ തിരു സൂനുവിൻ മേനിയോടെ
യാഗമായ് യജ്ഞമായ് സൂനുവിൻ
പൂജയായ് തീരുവാനാശയുണ്ട്.
എന്നെന്നും സ്വീകാര്യമായൊരാ–യജ്ഞത്തിൽ
ഇന്നു ഞാൻ ഭാഗമായ് തീർന്നിടേണം.

Francis Vineeth Vadakethala CMI
(written on 31 May 2010)





# Francis Vineeth Vadakethala CMI

## A Personal Profile

Acharya Fr. Francis Vineeth Vadakethala CMI (15 May 1935 - 30 May 2021), a member of Preshitha Province-Coimbatore, slept in the Lord. Fr. Vineeth is the fourth of the nine children born in the wedlock of Vadakethala Lona-Thandamma in Saint Mary's Forane Church, Kandassankadavu, in the Archdiocese of Thrissur. Four of his sisters entered religious life. At the time of death, Fr. Vineeth was a member of Bharathamatha Ashram, Palakkad.

After his initial schooling, he was initiated into religious life in 1950 at Aspirants' House in Elthuruth. He made his first profession by the end of his canonical novitiate in 1953. Securing degrees in philosophy and theology in the CMI Major Seminaries at Chethipuzha and Bengaluru, he was ordained a priest by Archbishop Mar Joseph Parekkattil at Dharmaram College, Bengaluru. He went on to complete his master's degree and doctoral studies in philosophy and theology, respectively, from Gregorian University, Rome, and Oxford University, UK. He then returned to India and taught at Dharmaram College and







Dharmaram Vidya Kshetram, Bengaluru, for 35 years. During this period, he served at various levels, including President of DVK and Dean of the Faculty of Philosophy. He was the founding director of Vidyavanam Ashram, Bengaluru. He made immense contributions in the field of Indianization in philosophy, theology, and spirituality. He has stamped his signature as a retreat preacher, author, poet, and Indologist.

The departed souls of Sr. Jovina AC, Mr. Jose V. J., Sr. Sicily CHF, and Mr. Baby V. J. as well as Sr. Vineetha AC, Sr. Karuna SJB, Mr. Thomas V. J., and Mr. Vincent V. J. are his siblings.

The members of CMI Preshitha Province-Coimbatore offered prayerful condolences to Acharya Fr. Francis Vineeth Vadakethala, who worked tirelessly in the vineyard of the Lord! He left for his eternal reward at 5:45 pm on Sunday, 30 May 2021. After cremation, his remains were kept at Preshitharam, Mannuthy (Thrissur), from 3 pm to 6 pm on Monday, 31 May 2021. On Tuesday, 1 June 2021, from 10 am onwards his remains were kept at Bharathamatha Ashram, Chandranagar (Palakkad). Burial ceremonies began at 2 pm on the same day at Bharathamatha Ashram. Observing the Covid-19 protocol, we prayed together for the repose of his soul with the assurance that his holy life, expectant of the heavenly abode, realizes it's goal in his eternal presence with his constant companion our Lord Jesus Christ and our Blessed Mother... After having completed the first part of the funeral ceremony at Preshitharam, Mannuthy, presided over by Fr. Saju Chackalackal, Provincial of Preshitha Province, the second part was officiated by Fr. Davis Panakkal, Provincial of Devamatha Province, Thrissur. Fr. Josey Thamarassery, Vicar General of the CMI Congregation, presided over the Requiem Mass, which was followed by the fourth part of the funeral, presided over by His Excellency Mar Jacob Manathodath, Bishop of Palakkad.



## His Beatitude

# George Cardinal Alencherry

Major Archbishop of the Syro-Malabar Church

(Prot. No. 0625/2021, 31 May 2021)

It is with great sadness that I received the news of the passing away of Father Francis Vineeth Vadakethala, a great proponent of Christian monasticism and Indian philosophical traditions. He was a Professor of Philosophy at Dharmaram Vidya Kshetram, Bangalore, for more than 35 years and had contributed immensely – his time and effort – to the fostering of Christian monastic traditions in India. As a preacher and a monk, his influence on the society was inestimable. Affectionate and compassionate, he earned the love and esteem of the people he came in contact with. Coming from a family with great traditions of spirituality where four of his siblings also joined the religious orders, he too was unabashed in immersing himself in the monastic way of life.

I offer my prayers and condolences to the members of his family and to the members of the CMI Congregation.

***May his soul rest in peace!***



## **Fr. Thomas Chathamparampil CMI,** Prior General



In the death of our dear Father Francis Vineeth Vadakethala CMI our Congregation has lost an original thinker and spiritual leader, who was much sought after by the religious at home as well as abroad. The Vidyavanam Ashram that he founded in the outskirts of Bangalore in the year 1997 became so famous within a few years that many religious and spiritually seeking persons belonging to different faiths came there to spend even weeks for spiritual nourishment, renewal, and refreshing.

Father Vineeth was a real acharya, well-versed in the Indian and Western philosophy as well as the spiritual traditions of the East and the West. As a Professor of Philosophy at Dharmaram College and Dharmaram Vidya Kshetram (DVK), Bengaluru, and visiting professor and guest speaker in many other institutes in India and abroad, Father Vineeth has proved his calibre as an original and creative thinker, who integrated well both the Indian and Western thought patterns, on the one hand, and academics and spirituality, especially, mysticism, on the other. I remember him as a soft-spoken gentleman and a sincere confrere. It is also to be especially mentioned that he observed total abstinence from meat at least for two years for expediting the process of the canonization of one of our blessed founders, Kuriakose Elias Chavara.

Along with academic and research activities he was also involved in the social and ecclesiastical issues in India. He had a soft heart for the poor and marginalized. His book, Justice and Reconciliation, bears witness to his prophetic spirit of criticism against certain forms of oppression. I gratefully remember his services as the President of DVK, and Professor of Philosophy as well as Theology there. I am glad that the Province of Coimbatore is publishing a book of memoirs in his honour.

# Mar Jacob Manathodath, Bishop of Palakkad

## During the Funeral Ceremonies… (Bharathamatha, Palakkad, 1 June 2021)

നാമെല്ലാവരും വളരെയേറെ കാത്തിരിക്കുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന ബഹുമാനപ്പെട്ട ഫ്രാൻസീസ് വിനീത് വടക്കേത്തലയച്ചൻ നമ്മിൽനിന്ന് വേർപെട്ട് പോയിരിക്കുകയാണ്. അച്ചൻെറ ഈ ഭൗതികശരീര അവശിഷ്ടത്തിന് നമ്മളിന്ന് അന്തിമ അഭിവാദനങ്ങൾ അർപ്പിക്കുന്നു. അദ്ദേഹത്തിൻെറ ആത്മശാന്തിക്കായി നമ്മളിന്ന് വിശുദ്ധ കുർബാന അർപ്പിച്ചു. അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് നാം അദ്ദേഹത്തെ കർത്താവിൻെറ പക്കലേക്ക് യാത്രയാക്കുകയാണ്.

ഈ അവസരത്തിൽ അദ്ദേഹം നമുക്കുവേണ്ടി, സാർവ്വത്രിക സഭയ്ക്കുവേണ്ടി ചെയ്ത എല്ലാ സേവനങ്ങളെയും അഭിമാനത്തോടെയും വളരെയേറെ കൃതജ്ഞതയോടും കൂടി നമുക്കിന്ന് അനുസ്മരിക്കാം. അവയ്ക്കെല്ലാം നല്ല ദൈവം അദ്ദേഹത്തിന് പ്രതിഫലം നൽകിക്കൊണ്ട് നിത്യഭാഗ്യത്തിലേക്ക് അദ്ദേഹത്തെ പ്രവേശിപ്പിക്കട്ടെ എന്ന് ഹൃദയപൂർവ്വം നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം.

ഞാൻ വിനീതച്ചനെ ആദ്യമായിട്ട് പരിചയപ്പെട്ടത് 38 വർഷങ്ങൾക്ക് മുമ്പാണ്. എറണാകുളം അതിരൂപതയിലെ വൈദികഗണത്തിലെ ഒരു അംഗമായിരുന്ന അവസരത്തിൽ അച്ചൻ അവിടെ വൈദികർക്കുള്ള വാർഷിക ധ്യാനം നയിക്കുന്നതിനുവേണ്ടി വരികയുണ്ടായി. രണ്ട് ബാച്ച് അച്ചന്മാരുടെയും വാർഷിക ധ്യാനം അന്ന് അച്ചനാണ് നയിച്ചത്. ഞാൻ പങ്കെടുത്ത ഏറ്റവും നല്ല വാർഷിക ധ്യാനങ്ങളിൽ ഒന്നായിരുന്നു അത്. ആ വാർഷിക ധ്യാനത്തിലൂടെ നല്ല പ്രചോദനങ്ങൾ ഉൾകൊള്ളുവാൻ എനിക്കു സാധിച്ചു. അതുപോലെതന്നെ നല്ല ബോദ്ധ്യങ്ങൾ, അതുകൊണ്ടുതന്നെ നല്ല അനുഭവമുള്ള വ്യക്തിയായിട്ട് ഫ്രാൻസീസച്ചനെ കാണുവാൻ എനിക്ക് സാധിച്ചു. ആ ബോധ്യങ്ങൾക്കനുസരിച്ച് ജീവിച്ചതിൻെറ അനുഭവങ്ങൾ അദ്ദേഹം അച്ചന്മാരുമായിട്ട് പങ്കുവെച്ചു. പിന്നീടുള്ള വർഷങ്ങളിൽ ബാംഗ്ലൂരിൽ ചെല്ലുന്ന അവരസത്തിലും, ഇവിടെ ആയിരിക്കുന്ന അവസരത്തിലുമൊക്കെ ഫ്രാൻസീസ് അച്ചനെ കണ്ട് ആ പരിചയം പുതുക്കുവാനുള്ള അവസരം എനിക്ക് ലഭിച്ചിട്ടുണ്ട്. തനിക്ക് ദൈവം നൽകിയ ആയുസ്സ്, തൻെറ പൗരോഹിത്യ ജീവിതം, ഏറ്റവും ഫലപ്രദമായിട്ട് ചെലവഴിച്ചുകൊണ്ട് അദ്ദേഹം ദൈവത്തെ മഹത്വപ്പെടുത്തി. അദ്ദേഹം എല്ലായ്പ്പോഴും പ്രവർത്തന നിരതനായിരുന്നു. തിരുപട്ട സ്വീകരണവേളയിൽ വായിച്ചു കേൾക്കുന്ന സുവിശേഷഭാഗം പലപ്പോഴും ഒന്നു തന്നെയാണ്: മുന്തിരിവള്ളിയുടെയും ശാഖകളുടെയും ഉപമ.





മുന്തിരിവള്ളിക്ക് മുന്തിരിയോട് ഒട്ടിനിൽക്കാതെ, ശാഖകൾക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയിക്കാത്തതു പോലെ നിങ്ങൾക്കും എന്നിൽ വസിക്കുന്നില്ലെങ്കിൽ സാധിക്കുകയില്ല. നിങ്ങൾ സമൃദ്ധമായി ഫലം പുറപ്പെടുവിക്കുകയും എൻെറ ശിഷ്യരായി തീരുകയും ചെയ്യുന്നതുമൂലം പിതാവ് മഹത്വപ്പെടുന്നു. വിനീതച്ചൻെറ ജീവിതത്തെപറ്റി നാം ചിന്തിക്കുമ്പോൾ, ആ ജീവിതത്തെ അവലോകനം ചെയ്യുമ്പോൾ, സമൃദ്ധമായ ഫലം പുറപ്പെടുവിച്ച ഒരു പൗരോഹിത്യ ജീവിതമായിരുന്നു അദ്ദേഹത്തിൻെറതെന്ന് നമുക്കെല്ലാവർക്കും നല്ല ബോധ്യമാണ്. ധർമ്മാരാം വിദ്യാക്ഷേത്രത്തിലും അതുപോലെതന്നെ അദ്ധ്യാപകനായിട്ടും സ്ഥാപനത്തിൻെറ പ്രസിഡൻറുമായിട്ടെല്ലാം അദ്ദേഹം സേവനമനുഷ്ഠിച്ചു. വിദ്യാവനത്തിൻെറ സ്ഥാപക ഡയറക്ടറായിരുന്നു. അദ്ദേഹം സ്ഥാപിച്ച വിദ്യാവനം ആശ്രമത്തിലും ഞാൻ പോയിട്ടുണ്ട്. വിദ്യാവനത്തിൻെറ ഓരോ ഭാഗവും എനിക്ക് പരിചയപ്പെടുത്തി തന്നത് ഞാൻ അനുസ്മരിക്കുകയാണ്.

തൻെറ പൗരോഹിത്യജീവിതം ഏറ്റവും ധന്യമായ വിധത്തിൽ ചിലവഴിച്ചുകൊണ്ട്, ഏറ്റവും മഹനീയമായ വിധത്തിൽ ചിലവഴിച്ചുകൊണ്ട് ജീവിക്കുന്ന ഒരു വ്യക്തിയെയാണ് അദ്ദേഹത്തിൽ എനിക്ക് കാണുവാൻ സാധിച്ചത്. വേലാന്താവളത്ത് നോവിഷ്യേറ്റ് ഹൗസിലും, പ്രൊവിൻഷ്യൽ ഹൗസിലും തുടർന്ന് രണ്ട് പ്രാവശ്യം അവിടെ ചെന്നപ്പോൾ അദ്ദേഹത്തെ കണ്ട് സംസാരിക്കുവാൻ സാധിച്ചു. ഓരോ പ്രാവശ്യം ചെല്ലുമ്പോഴും അദ്ദേഹം എഴുതിയ ഏതെങ്കിലും ചെറിയ പുസ്തകം എനിക്ക് തരുമായിരുന്നു. അവസാനം ചെന്നപ്പോഴും ഒരു ചെറിയ പുസ്തകം എനിക്കു തന്നു. അതായത്, തനിക്കു കിട്ടിയ സമയം ഉപകാരപ്രദമായിട്ട് അവസാനം വരെ ചിലവഴിക്കുക, എപ്പോഴും പ്രവർത്തനനിരതനായിട്ട് കഴിയുക: ഇപ്രകാരമുള്ള ഒരു ജീവിതം നയിക്കണമെന്നുള്ള ദൃഢനിശ്ചയത്തിൻെറ ഫലമായിട്ട് വിനീതച്ചന് തൻെറ ജീവിതം ഫലസമൃദ്ധമാക്കുവാൻ, അനുഗ്രഹപ്രദമാക്കി മാറ്റുവാൻ സാധിച്ചത്.

അദ്ദേഹത്തിൻെറ വ്യക്തിത്വം അദ്ദേഹത്തോട് പരിചയപ്പെടുന്ന ഏവർക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാനായിട്ട് സാധിക്കും. പൗലോസ് ശ്ലിഹാ തിമോത്തിയോട് പറയുന്നുണ്ട്: നീ നിൻെറ വാക്കിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും എല്ലാവർക്കും മാതൃകയാകണം. നമുക്കെല്ലാവർക്കും ജീവിതത്തിലെല്ലാം ഒരു നല്ല മാതൃക നൽകുന്ന വ്യക്തിയാണ് വിനീതച്ചൻ. അത് എന്നെക്കാൾ കൂടുതലായിട്ട് സാജുഅച്ചനും ബഹുമാനപ്പെട്ട അച്ചന്മാർക്കും അറിയാം. അദ്ദേഹത്തിന് ഒരു വലിയ ശിഷ്യഗണമുണ്ട്. അവരെല്ലാവരും ഈ കോവിഡിൻെറ നിയന്ത്രണമില്ലാതിരുന്നുവെങ്കിൽ ഇന്നിവിടെ വരുമായിരുന്നു എന്ന് എനിക്കറിയാം.

അത് നമുക്കെല്ലാവർക്കും ബോധ്യമായ ഒരു കാര്യമാണ്: അദ്ദേഹം ഒരു മാതൃകാവൈദികനായിരുന്നു. പെരുമാറ്റത്തിലും, വാക്കിലും, സ്നേഹത്തിലും വിശ്വാസത്തിലും, വിശുദ്ധിയിലുമെല്ലാം എല്ലാവർക്കും മാതൃകയായിരുന്ന ഒരു വ്യക്തിയായിരുന്നു വിനീതച്ചൻ. അച്ചൻ ഇത്രയും കാലം നമുക്ക് നൽകിയ മാതൃകാ ജീവിതത്തിന് നമുക്ക് നന്ദിപ്രകാശിപ്പിക്കാം. അച്ചൻെറ ജീവിതം നമുക്കെല്ലാവർക്കും മാതൃകയും പ്രചോദനവുമായിരിക്കട്ടെ. അച്ചൻെറ വേർപാടിൽ ദു:ഖിക്കുന്നവരായ എല്ലാവർക്കും, അച്ചൻെറ പ്രിയപ്പെട്ട കുടുംബാംഗങ്ങൾക്കും, ഈ സന്യാസസമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും, അച്ചൻെറ പ്രിയപ്പെട്ടവരായ എല്ലാവർക്കും പാലക്കാട് രൂപതയുടെ പേരിലുള്ള ആത്മാർത്ഥമായ അനുശോചനം ഞാൻ അറിയിക്കുകയാണ്. അദ്ദേഹത്തിൻെറ ആത്മശാന്തിക്കുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊള്ളുന്നു.





# Archbishop Mar Antony Kariyil CMI

## Majorarcheparchy of Ernakulam-Angamaly

ബഹുമാനപ്പെട്ട വിനീതച്ചന്റെ മരണത്തിലുള്ള കോയമ്പത്തൂർ പ്രവിശ്യയുടെ ദു:ഖത്തിൽ ഒരു സി.എം.ഐ. സഭാംഗം എന്നതിൽ ഞാനും പങ്കുചേരുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനായ യേശു ഈ ദു:ഖം തരണം ചെയ്യുവാൻ നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വിനീതച്ചനെ ഞാൻ പരിചയപ്പെടുന്നത് 1975–ൽ ധർമ്മാരാമിൽ ഒരു ദൈവശാസ്ത്ര വിദ്യാർത്ഥിയായിരിക്കുമ്പോഴാണ്. അദ്ദേഹം ഞങ്ങളെ അന്ന് ക്രിസ്റ്റോളജി പഠിപ്പിച്ചു. നമ്മെകൊണ്ട് ചിന്തിപ്പിക്കത്തക്ക രീതിയിലാണ് അദ്ദേഹം ക്ലാസ്സുകൾ കൈകാര്യം ചെയ്തിരുന്നത്. ആ അവസരത്തിൽ അദ്ദേഹം ലിറ്ററി അക്കാദമി ഡിറക്ടറും, ഞാൻ സെക്രട്ടറിയുമായിരുന്നതുകൊണ്ടും വളരെയധികം അദ്ദേഹവുമായി അടുത്തിടപഴകുവാൻ സാധിച്ചിട്ടുണ്ട്. വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളും ആശയങ്ങളും അദ്ദേഹം ആ അവസരങ്ങളിൽ എന്നോട് പങ്കുവെച്ചിരുന്നു.

ഇന്ത്യൻ സന്യാസം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്ന ഒരു വലിയ ആശയമായിരുന്നു. അതിനെക്കുറിച്ച് അദ്ദേഹം പലപ്പോഴും സംസാരിച്ചിരുന്നത് ഞാൻ ഓർക്കുന്നുണ്ട്. ബാംഗ്ലൂരിനടുത്തുള്ള ബണ്ണർഘട്ടയിൽ അദ്ദേഹം സ്ഥാപിച്ച വിദ്യാവനം വിനീതച്ചന്റെ ഈ സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ്. വിദ്യാവനം ക്യാമ്പസിലേക്കും, പ്രത്യേകിച്ച് അവിടെയുള്ള ചാപ്പലിലേയ്ക്കും നാം കയറുമ്പോൾ ഒരു പ്രത്യേക ദൈവീക അനുഭവമാണ് നമുക്കുണ്ടാകുന്നത്.

ധർമ്മാരാമുമായി, ഡി.വി.കെ. പ്രസിഡന്റ്, ഡി.വി.കെ. ഫിലോസഫി ഡീൻ, ഫിലോസഫിയിലെ പ്രൊഫസർ എന്നീ നിലകളിൽ ഏകദേശം നാലു പതിറ്റാണ്ടുകാലം ബന്ധപ്പെട്ട ഒരു വ്യക്തി എന്ന നിലയിൽ, വിനീതച്ചന് ഒരു വലിയ ശിഷ്യഗണം തന്നെ ഉണ്ട്. അവരിൽ ഒരാളായി ഞാനും അവരോട് ചേർന്ന് അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. കോയമ്പത്തൂർ പ്രേഷിത പ്രവിശ്യയോടുള്ള അനുശോചനം അറിയിക്കുന്നു; പ്രാർത്ഥന വാഗ്ദാനം ചെയ്യുന്നു. ദൈവം അദ്ദേഹത്തിന് നിത്യസമ്മാനം നൽകി അനുഗ്രഹിക്കട്ടെ!





## Mar Raphael Thattil

Bishop of Shamshabad

Sorry to hear about the sad demise of Fr. Francis Vineeth Vadakethala CMI. His farsighted and bold steps to live typical Indian Sannyasam has created in me great excitement and appreciation. I love his originality in thought and lifestyle. He will be remembered in the history for his innovative initiatives of Indian spirituality. Please accept my heartfelt condolence and convey my sorrowful regards to his family and friends. May our Lord grant him the Crown of Glory! May his soul Rest in Peace!

## Bishop Raja Rao SMM

Vijayawada



I am saddened to learn about the demise of Father Vineeth, our venerable Guru at Dharmaram. Please accept my deepest condolences and prayers. I shall remember him in my Eucharist. It is a great loss for the CMI and the Church in India.

# Saju Chackalackal CMI, Provincial

## Welcome for the Funeral Ceremonies (Bharathamatha, Palakkad, 1 June 2021)



വിനീതച്ചനെ യാത്രയാക്കുവാനായി നാം ഒരുമിച്ചു കൂടുന്ന ഈ അവസരത്തിൽ എൻെറ മനസ്സിലൂടെ കടന്ന് പോകുന്ന നിരവധി അനുഭവങ്ങളും ഓർമ്മകളുമുണ്ട്. 1985ൽ ബഹുമാനപ്പെട്ട വിനീതച്ചന് 50 വയസ്സുള്ളപ്പോഴാണ്, ഒരു വിദ്യാർത്ഥിയായിരിക്കെ, ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നതും, അടുത്ത് ഇടപഴകുവാൻ അവസരമുണ്ടാകുന്നതും. കഴിഞ്ഞ 36 വർഷം നീണ്ട ഒരു ഗുരു-ശിഷ്യ ബന്ധം, ഒരു പിതൃ-പുത്ര ബന്ധം, ഒരു സുഹൃദ് ബന്ധം എന്നെല്ലാം അതിനെ വിശേഷിപ്പിക്കാം. ഒരു സാധാരണ വിദ്യാർത്ഥിയായി ഞാൻ തത്വശാസ്ത്രം പഠിക്കുവാൻ ആരംഭിച്ചതിനുശേഷം അദ്ദേഹത്തിൻെറ പേഴ്സണൽ സെക്രട്ടറിയായി. അതിനുശേഷം വളരെ അടുത്ത് ഇടപഴകി പല കാര്യങ്ങളിലും അദ്ദേഹവുമായി ബന്ധപ്പെട്ട്, വളരെ അടുത്ത് അറിയാൻ കഴിഞ്ഞ 36 വർഷത്തെ അനുഭവങ്ങളുണ്ടായിരുന്നു. ഒരു പ്രൊഫസർ എന്ന നിലയ്ക്ക് ആരംഭിച്ച ബന്ധമായിരുന്നെങ്കിലും ഒരു ഗുരുതുല്യമായിട്ടുള്ള ബന്ധവും, അതിനുശേഷം ഒരു ഗുരുശ്രേഷ്ഠ സ്ഥാനവും അദ്ദേഹത്തിന് എൻെറ ജീവിതത്തിൽ ഞാൻ കൊടുത്തിരുന്നു. അതും കടന്ന്, എനിക്ക് പിതൃതുല്യനായിട്ടു തന്നെയാണ് വിനീതച്ചനെ ഞാൻ എൻെറ ജീവിതത്തിൽ എന്നും അനുഭവിച്ചിട്ടുള്ളത്. ഒരു പക്ഷേ എൻെറ മാതാപിതാക്കളേക്കാൾ ഏറെ എൻെറ വളർച്ചയിലും ഉയർച്ചയിലും എല്ലാം കണ്ട് കൂടുതൽ സന്തോഷിച്ചിരുന്ന വ്യക്തിയാണ് വിനീതച്ചൻ എന്ന് ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണോ എന്ന് എനിക്കറിയില്ല, ഇന്നലെ കുരിയച്ചിറ ക്രിമറ്റോറിയത്തിൽ – അത് ഗ്യാസ് ക്രിമറ്റോറിയമാണ് – ക്രിമേഷൻ തുടങ്ങുന്നതിനു മുമ്പ് അവിടുത്തെ ജോലിക്കാർ ക്രിമേഷനുവേണ്ടി ദീപം എൻെറ കൈയിൽ തന്നിരുന്നു: ഹൈന്ദവ ആചാരപ്രകാരം ചിന്തിക്കുകയാണെങ്കിൽ, ചിതയ്ക്ക് തീകൊളുത്തുവാനായിട്ട്... ഞാൻ അതിന് യോഗ്യനല്ലെങ്കിലും, പുത്രസമാനം ഞാനായിരുന്നു ആ തീ തെളിക്കുവാൻ ഇടവന്നത്. ദൈവപരിപാലനയിൽ ഞാൻ അത് ഒരു ഭാഗ്യമായി കരുതുന്നു.





ഏറ്റവും ആരംഭത്തിലെ രണ്ട് കൊച്ചനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എറ്റവുമാദ്യം ബാംഗ്ലൂരിൽ ചെന്നതിനുശേഷം ഞാൻ മുഴുവനായും വായിച്ച ആദ്യത്തെ പുസ്തകം വിനീതച്ചൻ എഴുതിയ Foundation of the World Vision ആണ്. വിനീതച്ചൻെറ എല്ലാ വിദ്യാർത്ഥികളും, വിനീതച്ചന് ശേഷമുള്ള എല്ലാ ക്ലാസിലെ വിദ്യാർത്ഥികളും വായിച്ചിട്ടുള്ള പുസ്തകമായിരിക്കുമത്. ഈ Foundation of the World Vision വായിച്ച് അതിൻെറ നോട്ട് തയ്യാറാക്കുന്നതിൻെറ ആവശ്യം ഉണ്ടായിരുന്നു. ഒരു പക്ഷെ സി.എം.ഐ. സന്ന്യാസ സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന അദ്ദേഹത്തിൻെറ വിദ്യാർത്ഥികൾക്കും അവരുടെ world vision രൂപപ്പെടുത്തുന്നതിനുള്ള, ഒരു ഫൗണ്ടേഷൻ രൂപപ്പെടുത്തുന്നതിന്, അദ്ദേഹത്തിൻെറ കാഴ്ചപാടുകൾ ഉൾക്കൊള്ളുന്ന ഈ പുസ്തകം കാരണമായി തീർന്നിട്ടുണ്ട്. എന്നെ തീർച്ചയായും ഒത്തിരിയേറെ സ്വാധീനിച്ചിട്ടുള്ള ബഹുമാനപ്പെട്ട വിനീതച്ചൻെറ ചിന്തകൾ ആ പുസ്തകത്തിൽ അദ്ദേഹം കുറിച്ചു വെച്ചിട്ടുണ്ട്.

ധർമ്മാരാമിൽ ഒരു വിദ്യാർത്ഥിയായിരിക്കെ 1980കളിൽ എന്നെ സ്പർശിച്ചിട്ടുള്ള മറ്റൊരു വളരെ ആഴമേറിയ അനുഭവമുണ്ട്. പലപ്പോഴും ഡിപ്പാർട്ട്മെൻറിൻെറ ജോലികളുമായിരുന്ന്, latenight ജോലി കഴിഞ്ഞ് പാതിരാസമയത്ത് മുറിയിലേക്ക് പോകുന്നതിനു മുൻപ് ഞാൻ താമസിച്ചിരുന്ന ബ്ലോക്കിൻെറ അടിയിലുള്ള 'ബെഞ്ചമിൻ ചാപ്പൽ' എന്ന് പണ്ട് അറിയപ്പെട്ടിരുന്ന ആ ചാപ്പലിൽ ഒരു വിസീത്തയ്ക്കു വേണ്ടി കയറുന്ന സമയത്ത്, പാതിരാസമയത്ത് – അല്ലെങ്കിൽ പാതിരാകഴിഞ്ഞിട്ടുള്ള സമയമാണ് – വിനീതച്ചൻ ധർമ്മാരാമിൽ ഉള്ള ദിവസങ്ങളാണെങ്കിൽ, മിക്കവാറും ഈ പാതിരാസമയത്ത് ആ ചെറിയ ചാപ്പലിൻെറ പിറകിൽ ചമ്രപടിയിൽ അദ്ദേഹം ധ്യാനതുല്ല്യനായി ഇരിക്കുന്നുണ്ടാവും. എന്നെല്ലാം പാതിരാത്രിക്ക് ഞാൻ ആ ദേവാലയത്തിൽ കയറിയിട്ടുണ്ടോ അന്നെല്ലാം വിനീതച്ചനെ ആ ചാപ്പലിൽ ധ്യാന നിമഗ്നനായികണ്ടിട്ടുണ്ട്. 86 വർഷം നീണ്ട അദ്ദേഹത്തിൻെറ ജീവിതയാത്രയിൽ അദ്ദേഹം നേടിയെടുത്ത, അദ്ദേഹത്തിൻേറതായിട്ടുള്ള വ്യക്തിത്വവും, അദ്ദേഹത്തിൻെറതായിട്ടുള്ള ആദ്ധ്യാത്മികതയും, അദ്ദേത്തിൻെറതായിട്ടുള്ള ജീവിതകാഴ്ചപ്പാടും ശൈലിയും എല്ലാം ഈയേശു ഗുരുമുഖത്തു നിന്നും അദ്ദേഹം ആർജിച്ചെടുത്തതാണെന്ന് ഞാൻ വിശ്വസിക്കുന്നു. നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യത്തിൻെറ സന്നിധിയിലായിരുന്ന് – പകലെല്ലാം അദ്ദേഹം തിരക്കിലായിരിക്കും: അദ്ദേഹത്തിൻെറ scientific publications ആകാം, നിരവധി ക്ലാസുകൾ ആകാം... എന്തൊക്കെയായിരുന്നാലും, രാത്രിയുടെ അന്ത്യയാമങ്ങളിൽ ഈശോയുടെ സന്നിധിയിൽ മണിക്കൂറുകൾ ചിലവിടാൻ അദ്ദേഹത്തിനു സമയമുണ്ടായിരുന്നു. അങ്ങനെ ഈശോയുടെ സന്നിധിയിലിരുന്ന്, ഈശോയെ ഉപാസിച്ച്, അദ്ദേഹം ആർജിച്ചെടുത്ത അദ്ദേഹത്തിൻെറ ആദ്ധ്യാത്മികതയാണ് വിനീതച്ചനെ വിനീതച്ചനാക്കിയത്.

ഇന്ന് നാം അദ്ദേഹത്തിന് യാത്ര പറയുവാനായി ഇവിടെ ഒരുമിച്ച് കൂടിയിരിക്കുമ്പോൾ ഇവിടെയുള്ളവർക്കും, ദൂരെ ആയിരുന്നുകൊണ്ട് ഈ കർമ്മങ്ങളിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഞാൻ വിനീതച്ചൻെറ പേരിൽ നന്ദി അറിയിക്കുക

യാണ്. അദ്ദേഹത്തോട് കൂടെ, അദ്ദേഹത്തിന്റെ ജീവിതത്തിൽ അനുയാത്ര ചെയ്തതിന്.

ഇന്ന് ഈ തിരുകർമ്മൾക്ക് വേണ്ടിയിട്ട് ഔദ്യോഗികമായി നമ്മോട് കൂടെ ആയിരിക്കുന്ന സി.എം.ഐ. സന്യാസ സമൂഹത്തിന്റെ വികാരി ജനറാളായ ബഹുമാനപ്പെട്ട ജോസി താമരശ്ശേരിയച്ചന് പ്രേഷിത പ്രോവിൻസിന്റെ പേരിലും, ഇവിടെ കൂടിയിരിക്കുന്ന എല്ലാവരുടെ പേരിലും, വളരെ പ്രത്യേകമായി



വടക്കേത്തല കുടുംബാംഗങ്ങളുടെ പേരിലും, ഞാൻ സ്നേഹപൂർവ്വം സ്വാഗതം ആശംസിക്കുകയാണ്. നമ്മോട് കൂടെ ഇന്ന് ഈ അന്തിമോപചാരം അർപ്പിക്കുന്ന പരിപാടികളിൽ, പ്രത്യേകിച്ചും ഇന്നത്തെ ഈ ദിവ്യബലിയർപ്പണത്തിൽ നമ്മോട് കൂട്ടുചേരുവാൻ വേണ്ടി വന്നിരിക്കുന്ന തൃശ്ശൂർ ദേവമാത പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ ബഹുമാനപ്പെട്ട ഡേവിസ് പനക്കലച്ചന് ഏറ്റവും ഊഷ്മളമായ സ്വാഗതം ഞാൻ ആശംസിക്കുകയാണ്. നമ്മോടു കൂടെയായിരിക്കുന്ന ജോൺസൻ വലിയകുളത്തിലച്ചൻ, പ്രവിശ്യയുടെ മറ്റ് കൗൺസിലച്ചന്മാർ, പ്രൊവിൻഷ്യൽ ഓഡിറ്റർ, ഈ ആശ്രമത്തിന്റെ പ്രിയോർ റൂപ്പർട്ട് പാനിക്കുളമച്ചൻ, പാലന ആശുപത്രി ഡയറക്ടർ വാൾട്ടർ അച്ചൻ, ധർമ്മാരാമിൽനിന്ന് വന്നിരിക്കുന്ന വൈദികർ, പ്രത്യേകിച്ചും ജോസ് നന്തിക്കരയച്ചൻ, വിനീതച്ചന്റെ കൂടപ്പിറപ്പായ തോമസ് ചേട്ടനും കുടുംബാംഗങ്ങൾക്കും ഒത്തിരിയേറെ സ്നേഹത്തോടെ സ്വാഗതം ആശംസിക്കുകയാണ്.

നമുക്കെല്ലാവർക്കും ഒന്നുചേർന്ന്, വിനീതച്ചനോട് ചേർന്ന്, കർത്താവിന് നന്ദിയുടെ ബലിയർപ്പിക്കാം എന്നാണ് ഞാൻ നിങ്ങളോട് പറയുവാൻ ആഗ്രഹിക്കുന്നത്. വിനീതച്ചനാകുന്ന ഈ ദിവ്യദാനത്തിനുവേണ്ടിയിട്ട് കർത്താവിന്റെ സന്നിധിയിൽ നമുക്ക് നന്ദിയർപ്പിക്കാം. അതോടൊപ്പം അദ്ദേഹത്തിന്റെ ശിഷ്യഗണത്തിലുള്ള എല്ലാവരോടും ചേർന്ന് എനിക്കും വിനീതച്ചനോട് ചോദിക്കുവാനായിട്ടുള്ളത് ഏലിയാ പ്രവാചകൻ സ്വർഗ്ഗത്തിലേക്ക് യാത്രപുറപ്പെടും മുമ്പ് അദ്ദേഹത്തിന്റെ ശിഷ്യനായ ഏലീശാ പ്രവാചകൻ ചോദിച്ചതു തന്നെയാണ്: അങ്ങയുടെ തീക്ഷണതയുടെ ഇരട്ടി ഞങ്ങൾക്കോരോരുത്തർക്കും തരണമേ എന്ന പ്രാർത്ഥന. ഈ പ്രാർത്ഥന ദൈവസന്നിധിയിൽ അർപ്പിച്ചുകൊണ്ട്, ഒരിക്കൽകൂടെ എല്ലാവരെയും ഈ ബലിയിലേക്കും മറ്റ് കർമ്മങ്ങളിലേക്കും സ്വാഗതം ചെയ്തുകൊണ്ടും, വിനീതച്ചന്റെ സാന്നിദ്ധ്യം അനുസ്മരിച്ച് അദ്ദേഹത്തിന്റെ ജീവിതത്തിന് കർത്താവിന്റെ സന്നിധിയിൽ നന്ദിയർപ്പിച്ചുകൊണ്ടും, ഈ ബലിയർപ്പിക്കുവാനായി ഏവരേയും സ്വാഗതം ചെയ്യുന്നു.





## Josey Thamarassery CMI, Vicar General

Introduction before the Funeral Holy Mass (Bharathamatha, Palakkad, 1 June 2021)

“കാപട്യമെന്നിയേ ഞാൻ ജ്ഞാനമഭ്യസിച്ചു; വൈമനസ്യമെന്നിയേ അത് പങ്കുവച്ചു; അത് മനുഷ്യർക്ക് അക്ഷയനിധിയാണ്. ജ്ഞാനം സിദ്ധിച്ചവർ ദൈവത്തിന്റെ സൗഹൃദം നേടുന്നു” (ജ്ഞാനം 6:13–14).

ജീവിച്ച കാലമൊക്കെയും കർത്താവിനു സ്വന്തമായി ജീവിച്ചു. തന്നെ സമീപിച്ചവർക്കും താൻ കണ്ടുമുട്ടിയവർക്കും, സ്വയം അനുഭവിച്ചറിഞ്ഞ കർത്താവിനെ സൗഹൃദം പകർന്നു നൽകിക്കൊണ്ട് വചനം പറഞ്ഞുവക്കുന്നതു പോലെ ജ്ഞാന–ഭക്തി–കർമ്മ മാർഗ്ഗങ്ങളെ സമന്വയിപ്പിച്ചു ജീവിച്ച ബഹുമാനപ്പെട്ട ഫ്രാൻസീസ് വിനീത് വടക്കേത്തല അച്ചൻ നമ്മിൽ നിന്ന് യാത്രയായി. ഈ അവസരത്തിൽ കോയമ്പത്തൂർ പ്രവിശ്യയോടും, വടക്കേത്തല കുടുംബാംഗങ്ങളോടുമുള്ള സി.എം.ഐ. സഭയുടെ അനുശോചനങ്ങളും പ്രാർത്ഥനകളും പ്രത്യേകമായി അറിയിക്കുന്നു. അറിവിനെ അതിലംഘിക്കുന്ന ജ്ഞാനസാധന കൊണ്ടും, പാണ്ഡിത്യം കൊണ്ടും, ലളിതമായ ജീവിത മാതൃക കൊണ്ടും സി.എം.ഐ. സഭക്കും അതിലുപരിയായി കത്തോലിക്കാ തിരുസഭക്കും, പൊതുസമൂഹത്തിനും വളരെയേറെ സംഭാവന നൽകിയ ഒരു പുണ്യചരിതൻ. ഈ ലോക ജീവിതത്തിൽ സ്നേഹം കൊണ്ടും വാത്സല്യം കൊണ്ടും ജ്ഞാനം കൊണ്ടും ധാരാളം വൈദികവിദ്യാർത്ഥികളെയും വൈദികരെയും സന്യസ്തരേയും അദ്ദേഹം രൂപപ്പെടുത്തി. താൻ അഭ്യസിച്ച ജ്ഞാനവും, താൻ പഠിച്ചറിഞ്ഞു മനസ്സിലാക്കിയ തത്വശാസ്ത്രവും ദൈവശാസ്ത്രവും, നമ്മുടെ സംസ്കാരത്തിനും ഭാഷക്കും ജീവിതശൈലികൾക്കും ഇണങ്ങുന്ന രീതിയിൽ കലർപ്പുകളില്ലാതെ പകർന്നു നൽകിയ ഒരു ആചാര്യനായിരുന്നു ബഹുമാനപ്പെട്ട വിനീതച്ചൻ.

കാലഘട്ടത്തിന്റെ അടയാളങ്ങളും പ്രചോദനങ്ങളും തിരിച്ചറിഞ്ഞ്, വൈദികവിദ്യാർത്ഥികളെ മനസ്സിലാക്കുവാനും അവരെ ആത്മീയമായും ബൗദ്ധികമായും ആശ്രമ–സന്യാസ മൂല്യങ്ങളിൽ വളർത്തിയെടുക്കുവാനും ബഹുമാനപ്പെട്ട വിനീതച്ചൻ സമയം കണ്ടെത്തി. ദൈവഹിതത്തിനും ദൈവികനിമന്ത്രണങ്ങൾക്കും തന്നെ തന്നെ സമർപ്പിച്ചു, ഈ ലോകത്തിൽ ജീവിച്ച കാലമൊക്കെയും സങ്കീർത്തകൻ സ്വപ്നം കണ്ടത് പോലെ, ‘നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുന്നതുമായ ഇലകൊഴിയാത്ത വൃക്ഷം പോലെയാണ് അവൻ’ (സങ്കീ 1:3).

കൂടെ ജീവിച്ചവർക്കും ഒപ്പം സഞ്ചരിച്ചവർക്കും അദ്ദേഹം ഒരു നന്മരമായിരുന്നു. നലം തികഞ്ഞ തത്വശാസ്ത്ര പണ്ഡിതനായും, സ്നേഹവും വാത്സല്യവും പകരുന്ന ഒരു ഗുരുഭൂതനായും, അറിവിനെ അതിലംഘിക്കുന്ന ജ്ഞാനസാധനകൊണ്ട് അനേകരുടെ ഹൃദയങ്ങളെ തൊട്ടറിഞ്ഞ അധ്യാപകനായും, ദൈവത്തിനും ദൈവജനത്തിനും വെളിച്ചം വീശുന്ന വിശുദ്ധ സന്യാസ പുരോഹിതനായും, എല്ലാറ്റിനുമുപരി തന്നെ വിളിച്ച് മാറോടു ചേർത്ത് സ്വന്തമാക്കിയവന് വ്യവസ്ഥകളില്ലാതെ ഹൃദയം പകുത്തുനൽകുന്ന സ്നേഹഭാജനമായും, നമ്മുടെ പ്രിയപ്പെട്ട വിനീതച്ചൻ നിത്യതയുടെ യാത്ര ആരംഭിക്കുന്നു.

വിനീതച്ചനാകുന്ന ഈ സ്നേഹസാന്നിധ്യത്തെ നാം പ്രാർത്ഥനയോടെ യാത്രയാക്കുമ്പോൾ, നമുക്ക് അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കാം ഒപ്പം നമ്മുടെ പ്രാർത്ഥനകൾ അദ്ദേഹം വഴി ദൈവ തിരുമുമ്പിൽ സമർപ്പിക്കാം. ജീവിതമാതൃകകൊണ്ടും അറിവുകൊണ്ടും പഠനംകൊണ്ടും രാപകലില്ലാത്ത അദ്ധ്വാനം കൊണ്ടും സി.എം.ഐ. സഭയെ വളർത്തിയ ഈ വന്ദ്യ ഗുരുവിനോടുള്ള സി.എം.ഐ. സഭയുടെ നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് കൃതജ്ഞതയുടെ ഈ ബലി ഒന്ന് ചേർന്ന് നമുക്കർപ്പിക്കാം.



## Paul Thekkiniyath CMI, Councillor

From the Introduction to the Funeral Ceremony
(Bharathamatha, Palakkad, 1 June 2021)

### കർമ്മലീത്താ യോഗീവര്യനായ വിനീതച്ചൻ...

ഉത്തമനായ ആചാര്യൻ, വിശ്വസ്തനായ ഭൃത്യൻ, ജ്ഞാനത്തിൻെറ നിറവ്, നിലപാടുകളുടെ അപ്പസ്തോലൻ, തത്വങ്ങൾക്ക് ജീവനും ഊർജ്ജസ്വലതയും പകർന്നവൻ, സ്വദേശത്തിലേയും വിദേശത്തിലേയും പ്രസിദ്ധനായ പണ്ഡിതൻ, ഭാരതീയ ദർശനങ്ങളുടെയും വിചിന്തനങ്ങളുടെയൂം ഉടലും ആത്മാവും, ആഗോള കത്തോലിക്കാ സഭയുടെ തുടിപ്പും എടുപ്പും, ചാരുതയും ചടുലതയും കൊണ്ട് ജീവിതത്തെ ആസ്വദിച്ച്, ആസ്വാദനമാക്കിയ, ഈശോയുടെ തിരുഹൃദയത്തിനനുയോജ്യമായി സഹവർത്തികളോടും സഹജീവികളോടും കരുതലോടും കരുണയോടും കൂടി വർത്തിച്ച സ്നേഹരൂപനായിരുന്നു, ദാനധർമ്മിയായിരുന്ന വിനീതനായ വിനീതച്ചൻ.

86 വർഷത്തെ പുണ്യജീവിതം, സുകൃതജീവിതം, പറന്നുയർന്നു... ആവലാതികളോ, വേവലാതികളോ ഇല്ലാതെ, മനസ്സാ–വാചാ–കർമ്മണാ ദൈവഹിതം മാത്രം അന്വേഷിച്ചു നടന്ന ഒരു സാർത്ഥകൻെറ വിരാമം... ഭാരതീയ ദർശനത്തിൽ സന്യാസ ജീവിതത്തിൻെറ ഉദാത്ത മാതൃക... സാന്നിധ്യം കൊണ്ടും ജ്ഞാനംകൊണ്ടും നമ്മെയൊക്കെ ഉണർത്തി ഉണർവേകി, ഉന്നതിയിലേക്ക് ഉയർത്തിയ, നമ്മുടെ വിനീതച്ചൻ, ഉയിർപ്പിൻെറ മഹത്വം നുകരാൻ, ഉടയോനെ ഉറ്റുനോക്കുവാൻ ഉറ്റമിത്രമായ് ഇഷ്ടതോഴനായ ദൈവപിതാവിനരികേ...

ജീവിതമാകുന്ന യാഗവേദിയിൽ, സ്വയം പൂജാവസ്തുവായ്, കനലായ്, ജ്വാലയായ് കത്തിജ്വലിച്ച കർമ്മലയിലെ ഒരു കർമ്മലീത്ത യോഗീവര്യനായിരുന്നു വിനീതച്ചൻ.





# Anto Vattakuzhy CMI

## Funeral Homily (Bharathamatha, Palakkad, 1 June 2021)



പ്രിയ ബഹുമാനപ്പെട്ട വികാരി ജനറാൾ ജോസി താമരശ്ശേരി അച്ചാ, പ്രൊവിൻഷ്യാൾമാരായ സാജു ചക്കാലക്കലച്ചാ, ഡേവീസ് പനക്കലച്ചാ, ബഹുമാനപ്പെട്ട വൈദികരെ, വിനീതച്ചന്റെ കുടുംബാംഗങ്ങളെ, ഇന്നത്തെ കർമ്മങ്ങളിൽ ഓൺലൈനിൽ കൂടുകയും, സാന്നിധ്യംകൊണ്ടും പങ്കെടുത്തുകൊണ്ടിരിക്കുന്ന സ്നേഹമുള്ളവരെ,

എവിടെ തുടങ്ങണം, എങ്ങിനെ തുടങ്ങണമെന്ന് എനിക്കറിഞ്ഞുകൂടാ. കാരണം, വിനീതനായ, വിജ്ഞാനിയായ, വിശുദ്ധനായ വിനീതച്ചനെക്കുറിച്ച്, ആ മഹത്വ്യക്തിത്വത്തെക്കുറിച്ച് എന്തൊക്കെയാണ് പങ്കുവെക്കേണ്ടതെന്ന് ഒരു എത്തും പിടിത്തവും കിട്ടുന്നില്ല. അത്രമാത്രം ആഴമേറിയ ജീവിതാനുഭവങ്ങളാണ് എനിക്കുള്ളത്.

2021 ഏപ്രിൽ 12–ാം തീയതിയാണ് വിനീതച്ചനെ ഞാൻ അവസാനമായി നേരിൽ കാണുന്നത്. 8–ാം തീയതി മുതൽ 12–ാം തീയതി വരെ ഞാൻ കേരളത്തിലുണ്ടായിരുന്നു. ഈ ദിവസങ്ങളിൽ മൂന്നു തവണ ഞാൻ വിനീതച്ചനെ കാണുവാൻ മണ്ണുത്തി പ്രേഷിതാരാമിൽ പോയിരുന്നു. 12–ാം തീയതി രാവിലെ വിനീതച്ചന്റെ അനുജന്റെ മകൻ ആക്റ്റോയും ഞാനും കൂടെ അച്ചന്റെ മുറിയിൽ ചെന്നു. കിടക്കുന്ന വിനീതച്ചൻ എന്നെ കണ്ടപ്പോൾ ഒരുപാട് സന്തോഷവാനായി. പക്ഷേ, വാക്കുകൾ കൊണ്ട് അത് പ്രകടിപ്പിക്കാൻ വളരെയധികം ബുദ്ധിമുട്ടുന്ന വിനീതച്ചനെയാണ് എനിക്കു കാണാൻ കഴിഞ്ഞത്. കുറച്ചു നേരം വിനീതച്ചന്റെ കൈ പിടിച്ചുനിന്നു, തലയിലും, നെഞ്ചിലും ഞാൻ കൈവെച്ചു പ്രാർത്ഥിച്ചു. വിനീതച്ചന്റെ കണ്ണിൽ നിന്ന് ഒരിറ്റു കണ്ണുനീർ വീണു. അച്ചന് എന്നോടു എന്തൊക്കെയോ പറയണമെന്നുണ്ട്. പക്ഷേ, സാധിക്കുന്നില്ല; വാക്കുകൾ വരുന്നില്ല കുറച്ചുനേരം കണ്ണുകൾ പരസ്പരം നോക്കി നിന്നു. ഞാൻ ബാംഗ്ളൂരിലേക്കു തിരിച്ചുപോകുകയാണെന്ന് പറഞ്ഞപ്പോൾ കൈവീശി. ഒരു പക്ഷേ, ഇതു നമ്മുടെ അവസാനത്തെ കൂടിക്കാ



ഴ്ചയായിരിക്കും എന്ന സന്ദേശമാണ് ആ കൈവീശലിൽ കൂടെ എനിക്കു ലഭിച്ചത്. മെയ് 15–ാം തീയതി വിനീതച്ചൻെറ 86–ാം ജന്മദിനമായിരുന്നു. അന്ന് രാവിലെ മണ്ണുത്തിയിലുള്ള നമ്മുടെ പ്രതാപച്ചൻ വാട്സപ്പ് വീഡിയോയിൽ വിളിച്ചു. ഫോൺ വിനീതച്ചനു ഒന്നു കൊടുക്കാമോ എന്ന് ചോദിച്ചു. പ്രതാപച്ചൻ ഫോൺ കൊടുത്തുവെങ്കിലും, വിനീതച്ചനു വാക്കുകൾകൊണ്ട് ഒന്നും പറയാൻ സാധിക്കുന്നില്ല. വീണ്ടും കൈവീശികൊണ്ട് ഞാൻ എല്ലാം അറിയുന്നു. അച്ചൻെറ ബെർത്ത്ഡേ ഗ്രീറ്റിംങ്ങ് ഞാൻ സ്വീകരിച്ചിരിക്കുന്നു. ഒത്തിരി നന്ദിയുണ്ട്, പ്രാർത്ഥിക്കണെമെന്നുള്ള സന്ദേശമായിരുന്നു അത്. അതിനുശേഷം ഓരോ നിമിഷവും വിനീതച്ചൻെറ നില വഷളായികൊണ്ടിരിക്കുകയായിരുന്നു. ശാരീരികമായി ഒരുപാട് ബുദ്ധിമുട്ടുകൾ. വിനീതച്ചനെ രാജഗിരി ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനു മുമ്പ് അച്ചൻെറ സഹോദരൻ തോമസ് ചേട്ടനും, മകൻ ആക്റ്റോയും മുറിയിൽ ഉണ്ടായിരുന്നു. എന്നാൽ അവരെ തിരിച്ചറിയാൻ വിനീതച്ചനായില്ല. ആക്റ്റോ വിനീതച്ചനോട് പറഞ്ഞു: 'വിനീതച്ചാ, ഇത് ആൻേറാച്ചനാണ്' എന്ന്. ഉടനെ വിനീതച്ചൻ ചുമരിൽ ഒരു വട്ടം വരച്ച് അതിൻെറ നടുക്ക് ഒരു കുത്തിട്ടു. ഇത് വട്ടക്കുഴിയല്ലേ... എന്ന് ആംഗ്യഭാഷയിലെ അച്ചൻെറ മറുപടിയായിരുന്നു അത്. ഇക്കാര്യം ആക്റ്റോ തന്നെയാണ് എന്നോട് പറഞ്ഞത്. അതെ, വിനീതച്ചനെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു മകനായിരുന്നു. എനിക്കും വിനീതച്ചൻ ഒരു അപ്പനായിരുന്നു എന്നതിൽ സംശയമില്ല.

ബാംഗ്ളൂർ ധർമ്മാരാമിൽ ആയിരുന്നപ്പോൾ വിനീതച്ചൻ 1986–ൽ തുടങ്ങിവെച്ച വിദ്യാവനം ആശ്രമത്തിൻെറ ആരംഭം മുതൽ 18 വർഷക്കാലം ഞങ്ങൾ ഇണങ്ങിയും, പിണങ്ങിയും ഒരു അപ്പനും മകനുമായി എല്ലാകാര്യങ്ങളിലും സഹകരിച്ച് ജീവിച്ചു. അതുകൊണ്ടുതന്നെ, പ്രൊവിൻഷ്യാൾ സാജു അച്ചൻ പറഞ്ഞതുപോലെ എനിക്കു വിനീതച്ചൻെറ ജീവിതത്തിൽ ഒരു പുത്രസ്ഥാനം ഉണ്ടായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. ആശ്രമത്തിലെവിനീതച്ചൻെറ മുറിയിലെ മേശപ്പുറത്തുണ്ടായിരുന്ന നാലഞ്ചു ഫോട്ടോകളിൽ ഒന്ന് എൻേറതായിരുന്നു. എപ്പോഴും ഓർക്കുന്നതിനും പ്രാർത്ഥിക്കുന്നതിനുമായിരുന്നു അത്. അതുകൊണ്ടുതന്നെ, അച്ചൻെറ ഓർമ്മ പൂർണ്ണമായി നശിക്കുന്നതിനുമുമ്പുവരെ, അച്ചൻ ഓർത്തിരുന്ന നാലഞ്ചുപേരുകളിൽ ഒന്ന് എൻേറതായിരുന്നു. ഇങ്ങനെ അച്ചനുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്ന എനിക്ക് അച്ചൻ മരിച്ചുവെന്ന് ഉൾക്കൊള്ളാൻ വളരെ ബുദ്ധിമുട്ടായിരുന്നു. മരണവാർത്ത കേട്ടതു മുതൽ അച്ചനുമായുള്ള സഹവാസത്തിൻെറ പൂർവ്വകാലചിന്തകളും, സംഭവങ്ങളും മിന്നിമറയുകയായിരുന്നു. ഒരു സമാശ്വാസത്തിനുവേണ്ടി ഏതാനും ചിന്തകൾ പ്രൊവിൻസിൻെറ വാട്സപ്പ് ഗ്രൂപ്പിൽ പോസ്റ്റ്



ചെയ്തു. പക്ഷേ നമുക്കെല്ലാവർക്കുമറിയാം മനുഷ്യൻ ജനിച്ചാൽ ഒരിക്കൽ മരിക്കുമെന്ന്. അത് നാം അംഗീകരിച്ചേ മതിയാകൂ.

വിനീതച്ചൻ തന്റെ 86–ാം വയസ്സിൽ സ്നേഹത്തിന്റെ കൂട്ടായ്മയായ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ദിവസം തന്നെ ആ സ്നേഹത്തിൽ ഒന്നായി അലിഞ്ഞുചേർന്നു. നലം തികഞ്ഞ അദ്ധ്യാപകനായിരുന്ന വിനീതച്ചൻ പുതിയ അദ്ധ്യയന വർഷത്തിന്റെ ആദ്യദിനം ജൂൺ ഒന്നിനു തന്നെ നമുക്കു വലിയ ഒരു പാഠം നൽകികൊണ്ട്, സന്ദേശം നല്കികൊണ്ടാണ് നമ്മോടു പൂർണ്ണമായി വിട പറയുന്നത്. വിനീതച്ചന്റെ പേരു സൂചിപ്പിക്കുന്നതുപോലെ 'വിനീതം', അഹങ്കാരത്തിൽനിന്നും, അജ്ഞതയിൽ നിന്നും കടന്നവൻ, അങ്ങനെയുള്ള വ്യക്തി വിജ്ഞാനിയായിരിക്കും, നിസ്വാർത്ഥനായിരിക്കും, വിനീതനായിരിക്കും, നിഷ്ക്കളങ്കനായിരിക്കും, അതേ, ഇതാണ് നമുക്കു നല്കുന്ന പാഠം.

അച്ചന്റെ മരണവാർത്ത അറിഞ്ഞതുമുതൽ ഒത്തിരി പേർ വാട്സപ്പിൽ വിനീതച്ചൻ ആരായിരുന്നു, എന്തായിരുന്നുവെന്ന് തങ്ങളുടെ ജീവിതാനുഭവങ്ങളിൽനിന്ന് പങ്കുവയ്ക്കുകയുണ്ടായി. ഇന്നുതന്നെ കർമ്മങ്ങളുടെ ആരംഭത്തിൽ എം.സി. പോൾ തെക്കിനിയത്തച്ചൻ, പ്രൊവിൻഷ്യൽ സാജു ചക്കാലക്കലച്ചൻ, വികാരി ജനറാൾ ജോസി താമരശ്ശേരിയച്ചൻ എന്നിവർ പല കാര്യങ്ങൾ വിനീതച്ചനെപ്പറ്റി പറയുകയുണ്ടായി. എന്നു പറഞ്ഞാൽ എല്ലാവർക്കും പരിചയമുള്ള ഒരു വിനീതച്ചനുണ്ട്. രണ്ടു ഡോക്ടറേറ്റ്, അതും ഇംഗ്ളണ്ടിലെ ഓക്സ്ഫോർഡിൽ നിന്നും, റോമിലെ ഗ്രിഗോറിയനിൽ നിന്നും ദൈവശാസ്ത്രത്തിലും, തത്വശാസ്ത്രത്തിലും. അനേകവർഷത്തെ അദ്ധ്യാപനത്തിലൂടെ വലിയ ശിഷ്യസമ്പത്തുനേടിയ മികവുറ്റ അദ്ധ്യാപകൻ; തനിമയുള്ള (originality) ക്രൈസ്തവ–ഭാരതീയ സംസ്ക്കാരങ്ങളും, ആദ്ധ്യാത്മികതയും, വിശുദ്ധഗ്രന്ഥങ്ങളും പഠിച്ച് സ്വായത്തമാക്കിയ വലിയ ഒരു ആചാര്യൻ. ഒത്തിരി വായിക്കുകയും, എഴുതുകയും, പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്ത വ്യക്തി. ഒരുപാട് ഗ്രന്ഥങ്ങളും, ലേഖനങ്ങളും, ഗാനങ്ങളും, ഭജൻസും രചിച്ച ഗ്രന്ഥകർത്താവും. സ്വദേശത്തും വിദേശത്തുമായി വർഷങ്ങളോളം ധ്യാനിപ്പിച്ച് അനേകരുടെ മനസ്സിൽ ഇടംപിടിച്ച വ്യക്തിത്വം. ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ പ്രസിഡന്റും, തത്വശാസ്ത്രവിഭാഗത്തിന്റെ ഡീനും, പല പ്രസിദ്ധീകരണങ്ങളുടെയും എഡിറ്ററും, ലോകത്തിന്റെ പല ഭാഗങ്ങളിൽ പല പ്രസ്ഥാനങ്ങളുടെയും അമരക്കാരിൽ ഒരുവനായും, കോയമ്പത്തൂർ പ്രൊവിൻസിന്റെ വികർ പ്രൊവിൻഷ്യാളായും, പ്രവശ്യാസംഘങ്ങളിലേയും, സി.എം.ഐ. പൊതുസംഘങ്ങളിലേയും ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യമായും വിളങ്ങിയ വിനീതച്ചൻ.



ബാംഗ്ളൂർ വിദ്യാവനം ആശ്രമത്തിന്റെ സ്ഥാപകനും ഭാരതീയപൂജ ഒരുക്കുന്നതിൽ ഒരുവനും, പല ഭവനങ്ങൾക്കും, കോഴ്സുകൾക്കും ഭാരതീയ നാമങ്ങൾ സംഭാവന ചെയ്തവൻ, സാധാരണക്കാരോടും, പാവങ്ങളോടും അനുകമ്പയും, കാരുണ്യവും കാണിച്ച വിനീതച്ചൻ. ഇങ്ങനെ നീളുന്നു വിനീതച്ചന്റെ ഓർമ്മകൾ പലരുടെയും മനസ്സിൽ. വിനീതച്ചന്റെ അഗാധമായ വ്യക്തിത്വത്തിൽ നിന്ന് ഉരുതിരിഞ്ഞ ഓരോരുത്തരുടെയും വ്യത്യസ്ഥമായ കാഴ്ചപ്പാടുകളാണിവ.



എന്നാൽ എന്റെ ചിന്തകളും, അനുഭവങ്ങളും അതിനപ്പുറമാണ്. വി. യോഹന്നാന്റെ ഒന്നാം ലേഖനം തുടങ്ങുന്നത്: "ഞാൻ കേട്ടതും, സ്വന്തം കണ്ണുകൊണ്ട് കണ്ടതും, സൂക്ഷിച്ച് വീക്ഷിച്ചതും, കൈകൊണ്ടു സ്പർശിച്ചതുമായ കാര്യങ്ങളെക്കുറിച്ച് എഴുതുന്നു" വെന്ന് പറഞ്ഞുകൊണ്ടാണ്. വിനീതനായ വിനീതച്ചനെ, ശിശുതുല്യമായ നിഷ്കളങ്കതയുടെ പര്യായമായ, സത്യത്തിനും നീതിക്കുംവേണ്ടി നിലകൊണ്ട, മുഖം മൂടിയില്ലാത്ത, വിശുദ്ധിയും വിജ്ഞാനവും നിറഞ്ഞ, ഞാൻ അപ്പനുതുല്യം സ്നേഹിച്ച ആ മഹത് വ്യക്തിത്വത്തെ എന്റെ കാഴ്ചപ്പാടിൽ ഞാൻ വിവരിക്കാൻ ആഗ്രഹിക്കുന്നത് ഇപ്രകാരമാണ്.

## 1. പ്രാർത്ഥനയും മരിയ ഭക്തിയും നിറഞ്ഞ മനുഷ്യൻ

വിനീതച്ചൻ പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു. അനേകം മണിക്കൂറുകൾ ദൈവസന്നിധിയിൽ ചമ്രമ്പടിഞ്ഞിരുന്ന് ധ്യാനിക്കുമായിരുന്നു. സക്രാരിയിലേക്കും, ക്രൂശിത രൂപത്തിലേക്കും നോക്കി, അധരങ്ങളിൽ ചെറിയ ഒരു പുഞ്ചിരിയുമായി നിശ്ചലനായി സ്ഥിതപ്രജ്ഞനായി ഇരിക്കുന്ന വിനീതച്ചൻ എനിക്കു പ്രചോദനവും ഒരു ചോദ്യചിഹ്നവുമായിരുന്നു. പല ദിവസങ്ങളിലും ധ്യാനത്തിനിടയ്ക്ക് ഭക്ഷണം കഴിക്കുവാൻ പോകാനുള്ള സമയമായോ എന്ന് വാച്ചിൽ നോക്കികൊണ്ടിരുന്ന ഞാൻ എന്തേ എനിക്കു വിനീതച്ചനെപോലെ പ്രാർത്ഥിക്കുവാൻ സാധിക്കുന്നില്ല എന്ന് ചിന്തിക്കുമായിരുന്നു.

പല ദിവസങ്ങളിലും അച്ചൻ സന്ധ്യക്ക് 5.30 മുതലേ ചാപ്പലിൽ ഉണ്ടാകുമായിരുന്നു. ഞാൻ എത്തിയിരുന്നത് 6.30നും. ഭാരതീയ സംസ്ക്കാരവും, കർമ്മലീത്താ ചൈതന്യവും നിറഞ്ഞ വ്യക്തിത്വം. കുരിശിന്റെ വിശുദ്ധ യോഹന്നാന്റെയും വിശുദ്ധ



അമ്മത്രേസ്യായുടെയും വിശുദ്ധ കൊച്ചുത്രേസ്യായുടെയും വിശുദ്ധ ചാവറപിതാവിന്റെയും പ്രാർത്ഥനാശൈലിയും ആദ്ധ്യാത്മികതയും ആഴമായി പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്ത ഒരു ധ്യാനോപാസകനായിരുന്നു വിനീതച്ചൻ. പ്രാർത്ഥനയിലും, ക്ലാസുകളിലും തന്റേതായ ഒരു ശൈലി, തനിമ സ്വന്തമാക്കുവാൻ അച്ചനു സാധിച്ചു. ഞാൻ ഫിലിപ്പൈൻസിൽ പഠിക്കുന്ന വർഷങ്ങളിൽ വിനീതച്ചൻ അവിടെ വരുമായിരുന്നു. നമ്മുടെ സി.എം.ഐ. സഭാംഗങ്ങളായി ഉണ്ടായിരുന്ന അച്ചന്മാരുടെ കൂടെ (ഫാ. ജെയിംസ് മുട്ടിക്കൽ, ഫാ. ഒലീവർ ഇഞ്ചോടി, ഫാ. ജെയിംസ് തയ്യിൽ) വിനീതച്ചനും ഞാനും നീന്തൽകുളങ്ങളിലും കടലിലും കുളിക്കാൻ പോകുമായിരുന്നു. വെള്ളത്തിൽ അനേക സമയം നിശ്ചലനായി പൊങ്ങിക്കിടക്കുവാൻ (float) അച്ചന് കഴിയുമായിരുന്നു. കുരിശിന്റെ വിശുദ്ധ യോഹന്നാൻ പ്രാർത്ഥനയെക്കുറിച്ച് പറയുമ്പോൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഉദാഹരണമാണ് പറയാറുള്ളത്. ഞങ്ങളുടെ MThന്റെ Mysticism ക്ലാസുകൾ ആശ്രമത്തിൽ വെച്ചാണ് നടത്തിയിരുന്നത്. വിനീതച്ചൻ പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിച്ചപ്പോൾ ദൈവത്തിൽ എങ്ങനെ float ചെയ്യണമെന്ന് പഠിപ്പിച്ചിരുന്നു. ഞാൻ പല തവണ വെള്ളത്തിൽ പൊങ്ങികിടക്കുവാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയും, വെള്ളം കുടിക്കുകയുമായിരുന്നു ചെയ്തിരുന്നത്. വാക്കുകളിൽ മാത്രം ഒതുങ്ങുന്ന ആദ്ധ്യാത്മികതയല്ല മറിച്ച് ജീവിച്ചുകാണിക്കുന്ന ആദ്ധ്യാത്മികതയായിരുന്നു വിനീതച്ചന്. അതുകൊണ്ട് തന്നെയായിരിക്കണം മണ്ണുത്തി ആശ്രമത്തിൽ വെച്ച് വിനീതച്ചൻ പ്രതാപച്ചനോട് പറയുമായിരുന്നു: "ദേ, മാലാഖമാരും വിശുദ്ധരുമെല്ലാം വന്ന് എന്നെ അവരുടെ കൂടെപോകുവാൻ വിളിക്കുന്നുവെന്ന്."

പരിശുദ്ധ മാതാവിനോടു അങ്ങേയറ്റം വണക്കവും, ഭക്തിയുമായിരുന്നു വിനീതച്ചന്. എവിടെപോകുമ്പോഴും മാതാവിനു തന്നെ ഭരമേല്പിച്ചുകൊണ്ടാണ് അച്ചൻ പോകുന്നത്. ഒരിക്കൽ വിനീതച്ചന്റെ സഹോദരൻ തോമസ്ചേട്ടനും കുടുംബവും ആശ്രമത്തിൽ വന്ന് താമസിച്ചു. രണ്ടു ദിവസം കഴിഞ്ഞ് അവർ തിരിച്ചുപോകുമ്പോൾ വിനീതച്ചനും മോളിചേച്ചിയും കൂടെ അവരുടെ വണ്ടിയിൽ സിറ്റിവരേക്കും പോയി. തോട്ടത്തിലേക്കു ആവശ്യമായ ചില സാധനങ്ങൾ Indo-America കടയിൽ നിന്നുവാങ്ങി അച്ചനും മോളിചേച്ചിയും ധർമ്മാരാമിൽ വന്നു. തോമസ് ചേട്ടനും കുടുംബവും നാട്ടിലേക്കു തിരിച്ചുപോയി. അന്നാളുകളിൽ മൊബൈൽ ഫോൺ പ്രചാരത്തിലുണ്ടായിരുന്നില്ല. ആശ്രമത്തിൽ "പേജർ" എന്ന ഒരു സാധനം മാത്രമേ സന്ദേശങ്ങൾ സ്വീകരിക്കുവാനായി ഉണ്ടായിരുന്നുള്ളൂ. വിനീതച്ചൻ ധർമ്മാരാമിൽ നിന്ന് പുറപ്പെടുന്നതിനു മുമ്പ് പേജറിൽ സന്ദേശമിട്ടു. ഞങ്ങൾ പുറപ്പെടുകയാണ് ബണ്ണാർക്കട്ടിയിൽ വന്ന് ഞങ്ങളെ പിക്ക് ചെയ്യണമെന്ന്. അതിനു ശേഷം അവർ ബസ് കയറി യാത്ര തുടങ്ങി. എന്നാൽ നിർഭാഗ്യവശാൽ ആസന്ദേശം പേജറിൽ എനിക്കു കിട്ടിയില്ല. അതുകൊണ്ട് ജീപ്പും കൊണ്ട് അവരെ കൊണ്ടുവരാൻ പോയതുമില്ല. ബണ്ണാർക്കാട്ട് ബസ് ഇറങ്ങിയ വിനീതച്ചനും മോളിചേച്ചിയും ആശ്രമത്തിന്റെ വണ്ടി കാണായ്കയാൽ നടക്കാൻ തീരുമാനിച്ചു. വഴിയിൽ വെച്ച് വണ്ടി കാണുകയാണെങ്കിൽ കയറാമെന്ന ചിന്തയോടെ, സന്ധ്യാസമയമായിരുന്നു. നടന്ന് ഏകദേശം ഒരു കിലോമീറ്റർ കഴിയുമ്പോൾ നാഷണൽ പാർക്കിന്റെ ഗേറ്റും യൂക്കാലിമരങ്ങൾ നിറഞ്ഞുനില്ക്കുന്ന കാടുമുണ്ട്. അവിടെ





എത്തിയപ്പോൾ അവർക്കു മുമ്പേ നടന്നു നീങ്ങിയിരുന്ന രണ്ടു ചെറുപ്പക്കാർ അച്ചനെ പിടികൂടി തോളിൽ കിടന്നിരുന്ന ബാഗ് പിടിച്ചുപറിക്കുവാൻ ശ്രമിച്ചു. എന്നാൽ അച്ചൻ വിട്ടുകൊടുത്തില്ല. ബാഗ് നിറയെ പണമാണെന്നാണ് അവർ കരുതിയത്. എന്നാൽ ബാഗിനകത്ത് മാതാവിന്റെ ഒരു രൂപമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. കവർച്ചക്കാരായ രണ്ടു ചെറുപ്പക്കാർ അച്ചനെ മാറിമാറി അടിക്കാൻ ശ്രമിച്ചു. എന്നാൽ ഒരു അടിപോലും അച്ചന്റെ ദേഹത്ത് കൊണ്ടില്ല. കരാട്ടെ പഠിച്ചവനെപ്പോലെ അതിവിദഗ്ധമായി അച്ചൻ എല്ലാം തടഞ്ഞു. അപ്പോൾ ഒരുവൻ കഠാരയെടുത്ത് അച്ചനെ കുത്താൻ ശ്രമിച്ചു. എന്നാൽ അച്ചൻ അതും പിടിച്ച് സ്വന്തം കൈക്കലാക്കി. ഇത് കണ്ടുനിന്ന മോളിചേച്ചി ഉറക്കെ നിലവിളിക്കുന്നത് കേട്ട് ആ വഴിയേ വന്ന ഒരു മോട്ടോർസൈക്കിൾ യാത്രികൻ ലൈറ്റിട്ടപ്പോൾ കള്ളന്മാർ രണ്ടുപേരും കാട്ടിലേക്കു ഓടി മറഞ്ഞു.

ഭയത്തോടും, വിറയലോടും കൂടെ ഗ്രാമവാസികളോടുചേർന്ന് നടന്നു വന്ന അച്ചൻ എന്നോടു എന്തേ വണ്ടി കൊണ്ടുവന്നില്ല എന്ന് ചോദിച്ചു. അച്ചന്റെ സന്ദേശം പേജറിൽ കിട്ടിയില്ലെന്ന് ഞാൻ മറുപടി പറഞ്ഞു. വഴിയിൽ വെച്ചുണ്ടായ കഥകൾ കേട്ടപ്പോൾ ഞാൻ ചോദിച്ചു, അച്ചന് ഇത് എങ്ങിനെ സാധിച്ചു. ബാഗ് വിട്ടുകൊടുത്തില്ല. ദേഹോപദ്രവം ഒന്നുമേറ്റില്ല. കഠാരയും പിടിച്ചു വാങ്ങിയിരിക്കുന്നു. വിനീതച്ചൻ മറുപടി പറഞ്ഞു, "മാതാവേ, എന്നെ രക്ഷിക്കണമെ" എന്ന് പറഞ്ഞതുമാത്രമെ എനിക്കു ഓർമ്മയുള്ളൂ. പിന്നെ ആരൊക്കെയോ എന്നെ സംരക്ഷിക്കുകയായിരുന്നുവെന്ന്. അതേ, പരിശുദ്ധ അമ്മയുടെ ശക്തമായ കരങ്ങളിൽ വിനീതച്ചൻ സുരക്ഷിതനായിരുന്നു.



